# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1165.** **08.02.2013 – ലെ മറുപടിക്ക്.**

## ഹയർ സെക്കൻഡറി സ്കൂളുകളിലെ കോഴ്സുകളും അദ്ധ്യാപക നിയമനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ, ജിയോളജി ഒരു വിഷയമായി ഉൾപ്പെട്ട എത്ര ഹ്യൂമാനിറ്റീസ് ബാച്ചുകളും , സയൻസ് ബാച്ചുകളും ഉണ്ട് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 31 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ ജിയോളജി പാഠ്യവിഷയമായി ഉൾപ്പെട്ട 32 ഹ്യുമാനിറ്റീസ് ബാച്ചുകളുണ്ട്. സയൻസ് ബാച്ചുകൾ ഇല്ല. |
| (ബി) | നാളിതുവരെയായി സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ , എത്ര ജിയോളജി-സീനിയർ, ജൂനിയർ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ, നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) | ഇതുവരെ 27 സീനിയർ തസ്തികകളും 2 ജൂനിയർ തസ്തികകളും ആണ് സൃഷ്ടിച്ചിട്ടുള്ളത്. 24 സീനിയർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശേഷിക്കുന്ന തസ് തികകളിൽ നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചുവരുന്നു. |
| (ഡി) | ബൈപ്രൊമോഷൻ ആയി നീക്കിവെച്ച തസ്തികകളിൽ അപേക്ഷകർ ഇല്ലെന്ന കാര്യം പരിഗണിച്ച് ആയത് നേരിട്ടുള്ള നിയമനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | തസ്തിക മാറ്റ നിയമനത്തിനായുള്ള അന്തിമ ലിസ്റ്റിന്റെ പ്രസിദ്ധീകരണത്തിനായി അപേക്ഷകൾ പരിശോധിച്ചുവരുന്നു. ജിയോളജിക്ക് ബൈപ്രൊമോഷനായി നീക്കിവച്ച തസ്തികകളിൽ അപേക്ഷകർ ഇല്ലാത്തപക്ഷം അവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഇ) | നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും മുഴുവൻ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | |

**സെക്ഷൻ ഓഫീസർ.**